(ഡി) ബോട്ടുടമകൾക്ക് മന്ത്രി നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എത്ര ദിവസത്തിനുള്ളിൽ വീണ്ടും ചർച്ച നടത്താമെന്നാണ് ബോട്ടുടമകൾക്ക് ഉറപ്പു നൽകിയിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ചർച്ച നടത്തുകയുണ്ടായി.

(ഡി) ഒരു ഉറപ്പും നൽകിയിട്ടില്ല.

(ഇ) ഇന്നദിവസത്തിനകം വീണ്ടും ചർച്ച ചെയ്യാമെന്ന് ഉറപ്പ് നൽകിയിട്ടില്ല.

രക്ഷാബോട്ടുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി

115 [3262] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര രക്ഷാബോട്ടുകൾ ഉണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(സി) മറ്റുള്ളവകൂടി പ്രവർത്തനക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) ഒന്നും പ്രവർത്തനക്ഷമമല്ല.

(സി) ഫിഷറീസ് വകുപ്പുവക പ്രവർത്തനരഹിതമായ കരുണ, കൽപ്പക, കാവേരി, കൃഷ്ണ, കല്യാണി എന്നീ അഞ്ചു രക്ഷാബോട്ടുകളുടെ പ്രവർത്തനം വിലയിരുത്തുകയും അവ കയ്യൊഴിയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എങ്കിലും അതിനുമുമ്പായി ഇവ റിപ്പയർ ചെയ്യുവാനോ പുതുക്കുവാനോ കഴിയുമോ എന്ന് പരിശോധിപ്പിക്കുന്നതിന് സി.ഐ.എഫ്.എൻ. ഇ.റ്റി.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ടഗ്ഗുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

116 [3263] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലത്തേക്ക് കടലിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രക്ഷാപ്രവർത്തനങ്ങൾക്കായി എത്ര ടഗ്ഗുകൾ ഉണ്ട്;

(സി) ടഗ്ഗുകൾ പ്രവർത്തനക്ഷമമാണോ; പ്രവർത്തനക്ഷമമല്ലാത്ത എത്ര ടഗ്ഗുകളാണുള്ളത്; ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാലവർഷക്കാലത്ത് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിച്ചുവരുന്നു. രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കുന്നതിനും അവയുടെ നിരീക്ഷണ നിയന്ത്രണങ്ങൾക്കുമായി ഫിഷറീസ് വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം പ്രവർത്തനക്ഷമമാണ്. എല്ലാ കടലോര ജില്ലകളിലും ഫിഷറീസ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ സഹായം ലഭ്യമാക്കുന്നുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ സേവനം എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന് ടഗ്ഗുകൾ ഇല്ല.

(സി) ബാധകമല്ല.

മത്സ്യഫെഡിലെ അഴിമതി അന്വേഷണ റിപ്പോർട്ടുകൾ

117 [3264] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ അഴിമതികളെപ്പറ്റി അന്വേഷിച്ച റിപ്പോർട്ടുകൾ എത്ര പ്രാവശ്യമായി ഏതെല്ലാം തീയതികളിലാണ് സർക്കാരിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം സർക്കാർ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെയായി സർക്കാരിന് ഇതു സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മത്സ്യഫെഡിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ, 1969-ലെ സഹകരണനിയമം 66-ാം വകുപ്പു പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഒറ്റപ്രാവശ്യമായി 7-5-2003-നാണ് സർക്കാരിന് സമർപ്പിച്ചത്.

(ബി) റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്.

(സി) താമസിയാതെ ലഭ്യമാക്കുന്നതാണ്.

സ്ത്രീതൊഴിലാളികൾക്കുവേണ്ടിയുള്ള വനിതാ ബാങ്കുകൾ

118 [3265] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി എത്ര ബാങ്കുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly